REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-02-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഫ്രാൻസ്, അമേരിക്ക സന്ദർശനത്തിന് ഇന്ന് തുടക്കം.
- പ്രധാനമന്ത്രിയുടെ പരീക്ഷാ പേ ചർച്ചയുടെ എട്ടാം പതിപ്പ് ഇന്ന്.
- ഛത്തീസ്ഗഢിൽ 31 മാവോയിസ്റ്റുകൾ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു. രണ്ട് സുരക്ഷാ ഉദ്യോഗസ്ഥർക്ക് വീരമൃത്യു.
- നിയമസഭയിൽ ബജറ്റ് ചർച്ച ഇന്ന് ആരംഭിക്കും.
- ദേശീയ ഗെയിംസിൽ ഇന്നലെ കേരളത്തിന് ഒരു സ്വർണമുൾപ്പെടെ ഏഴ് മെഡലുകൾ.
- ഇംഗ്ലണ്ടിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഫ്രാൻസ്, അമേരിക്ക സന്ദർശനത്തിന് ഇന്ന് തുടക്കം. ഇരു രാജ്യങ്ങളുമായി ഇന്ത്യയുടെ തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടാണ് പ്രധാനമന്ത്രിയുടെ സന്ദർശനം.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്).....

പ്രധാനമന്ത്രി നരേന്ദ്രമോദി സന്ദർശനത്തിന്റെ ആദ്യപാദത്തിൽ ഇന്ന് മുതൽ മൂന്ന് ദിവസം ഫ്രാൻസ് സന്ദർശിക്കും. പ്രസിഡണ്ട് ഇമ്മാനുവൽ

മാക്രോണിന്റെയും പ്രധാനമന്ത്രിയുടെയും സംയുക്ത അധ്യക്ഷതയിൽ AI ആക്ഷൻ ഉച്ചകോടി നാളെ ആരംഭിക്കും. പ്രധാന ഉഭയകക്ഷി ചർച്ചകൾ നടത്തുന്ന പ്രധാനമന്ത്രി, മറ്റന്നാൾ മാർസെയിൽ ഇന്ത്യയുടെ പുതിയ കോൺസുലേറ്റ് ജനറലിന്റെ ഉദ്ഘാടനവും നിർവഹിക്കും.

ഏതാനും ആളുകളുടെയോ കമ്പനികളുടെയോ പ്രത്യേക ഡൊമെയ്നായി AI മാറാതിരിക്കുക എന്നതിനാണ് ഇന്ത്യ പ്രഥമ പരിഗണന നൽകുന്നതെന്ന് ഫ്രാൻസിലെ ഇന്ത്യൻ അംബാസഡർ സഞ്ജീവ് കുമാർ സിംഗ്ല ആകാശവാണി വാർത്തകളോട് പറഞ്ഞു. AI തുറന്നതും സുരക്ഷിതവും ഉൾക്കൊള്ളുന്നതും വിശ്വസനീയവുമായിരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മേഖലയിലെ ഇന്ത്യയുടെ തന്ത്രപരമായ സാന്നിധ്യം ശക്തിപ്പെടുത്തുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ബുധനാഴ്ചയാണ് പ്രധാനമന്ത്രിയുടെ അമേരിക്കൻ സന്ദർശനം ആരംഭിക്കുന്നത്. രണ്ടു ദിവസത്തെ സന്ദർശന വേളയിൽ വ്യാപാരം, തന്ത്രപരമായ സഹകരണം, സാങ്കേതിക പങ്കാളിത്തം എന്നിവയ്ക്ക് ഊന്നൽ നൽകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരീക്ഷാ പേ ചർച്ചയുടെ എട്ടാം പതിപ്പ് ഇന്ന്. രാവിലെ 11 ന് ദൂരദർശൻ ഉൾപ്പെടെ ഒന്നിലധികം പ്ലാറ്റ്ഫോമുകളിൽ രാജ്യവ്യാപകമായി വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി സംവദിക്കും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.....(വോയ്സ്)............

പരീക്ഷാ തയ്യാറെടുപ്പുകൾ, സ്ട്രെസ് മാനേജ്മെന്റ്, വ്യക്തിഗത വളർച്ച എന്നിവ സംബന്ധിച്ച ഉൾക്കാഴ്ചകൾ നൽകുന്നതിന് പ്രധാനമന്ത്രി വിദ്യാർത്ഥികളുമായും രക്ഷിതാക്കളുമായും അധ്യാപകരുമായും സംവദിക്കും. ആകാശവാണി, ദൂരദർശൻ, സ്വയം, സ്വയം പ്രഭ, PMO യൂട്യൂബ് ചാനൽ, വിദ്യാഭ്യാസ- വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയങ്ങളുടെ സോഷ്യൽ മീഡിയ ചാനലുകൾ എന്നിവ പരിപാടി തത്സമയം സംപ്രേഷണം ചെയ്യും. പ്രധാനമന്ത്രിയുമായി നേരിട്ട് സംവദിക്കാൻ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുമായി മുപ്പത്തിയാറ് വിദ്യാർത്ഥികളെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്.

അഞ്ച് കോടിയിലധികം പേർ പരിപാടിയുടെ ഭാഗമാകുന്നതോടെ ഈ വർഷത്തെ പരീക്ഷാ പേ ചർച്ച ജൻ ആന്ദോളൻ ആയി മാറും. ജീവിതത്തിന്റെയും പഠനത്തിന്റെയും അവശ്യ വശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ നയിക്കാൻ വിവിധ മേഖലകളിലെ പ്രശസ്തരായ വ്യക്തികളെ ഒരുമിച്ച് കൊണ്ടുവന്ന് ഈ വർഷത്തെ പരീക്ഷാ പേ ചർച്ച ഏഴ് ഉൾക്കാഴ്ചയുള്ള എപ്പിസോഡുകൾ അവതരിപ്പിക്കും. വർഷങ്ങളായി നടത്തുന്ന പരീക്ഷാ പേ ചർച്ച, പരീക്ഷയുമായി ബന്ധപ്പെട്ട സമ്മർദ്ദത്തെ പോസിറ്റീവ് എനർജിയാക്കി മാറ്റാൻ അവസരമായി മാറിയിട്ടുണ്ട്.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് പ്രയാഗ്‌രാജിലെ മഹാകുംഭ് സന്ദർശിക്കും. ഗംഗ, യമുന, സരസ്വതി നദികളുടെ സംഗമസ്ഥാനമായ ത്രിവേണി സംഗമത്തിൽ അവർ പുണ്യസ്നാനം നടത്തി പൂജ നടത്തും. പ്രയാഗ്‌രാജിലെ അക്ഷയ്വത്, ബഡേ ഹനുമാൻ ക്ഷേത്രം എന്നിവയും രാഷ്ട്രപതി സന്ദർശിക്കും.

✪✪✪

ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ 31 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. ഏറ്റുമുട്ടലിൽ രണ്ട് സുരക്ഷാ ഉദ്യോഗസ്ഥർ വീരമൃത്യു വരിച്ചു. രണ്ട് ജവാൻമാർക്ക് പരിക്കേറ്റു. റായ്പൂരിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ച ഇവർ, അപകടനില തരണം ചെയ്തതായി അധികൃതർ അറിയിച്ചു.

ബീജാപൂർ ജില്ലയിലെ ദേശീയ ഉദ്യാനത്തിലെ വനങ്ങളിൽ വൻതോതിൽ മാവോയിസ്റ്റുകൾ ഉണ്ടെന്ന് രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ റിസർവ് ഗാർഡിന്റെയും, പ്രത്യേക ടാസ്ക് ഫോഴ്സിന്റെയും, ബസ്തർ ഫൈറ്ററിന്റെയും സംയുക്ത സംഘം തിരച്ചിൽ നടത്തുന്നതിനിടെയായിരുന്നു ഏറ്റുമുട്ടൽ.

✪✪✪

ഛത്തീസ്ഗഢിൽ നക്സലുകൾക്കെതിരായ നടപടിയിൽ വീരമൃത്യു വരിച്ച സുരക്ഷാ ഉദ്യോഗസ്ഥരുടെ കുടുംബാംഗങ്ങളെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ അനുശോചനമറിയിച്ചു. ഏറ്റുമുട്ടലിൽ 31 നക്സലൈറ്റുകൾ കൊല്ലപ്പെടുകയും ധാരാളം ആയുധങ്ങളും സ്ഫോടകവസ്തുക്കളും കണ്ടെടുക്കുകയും ചെയ്തത് രാജ്യത്തെ നക്സൽ മുക്തമാക്കുന്നതിനു സുരക്ഷാ സേനയുടെ നടപടികളിലെ സുപ്രധാന വിജയമാണെന്ന് അദ്ദേഹം പറഞ്ഞു.

**2026 മാർച്ച് 31 ഓടെ രാജ്യത്ത് നിന്ന് നക്സലിസത്തെ തുടച്ചുനീക്കുമെന്നും, ഒരു പൗരനും അതിന്റെ പേരിൽ ജീവൻ നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പാക്കുമെന്നും അമിത്ഷാ ആവർത്തിച്ചു വ്യക്തമാക്കി.**

✪✪✪

**റെയിൽവേയിൽ 95,000 പുതിയ ഒഴിവുകൾ ഉടൻ നികത്തുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. അടുത്തിടെ നടന്ന 1.5 ലക്ഷം റെയിൽവേ റിക്രൂട്ട്മെന്റുകൾക്ക് പുറമെയാണിതെന്ന് അദ്ദേഹം ബിഹാറിൽ പറഞ്ഞു. നമോയ്ക്കും വന്ദേ ഭാരത് ട്രെയിനുകൾക്കും മികച്ച പ്രതികരണം കണക്കിലെടുത്താണ് ഇവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ തീരുമാനിച്ചതെന്നും വൈഷ്ണവ് പറഞ്ഞു.**

✪✪✪

**ഏഷ്യയിലെ ഏറ്റവും വലിയ വ്യോമാഭ്യാസ പ്രദർശനമായ എയ്റോ ഇന്ത്യയ്ക്ക് ബംഗളുരുവിൽ ഇന്ന് തുടക്കമാകും. യെലഹങ്ക വ്യോമസേനാ താവളത്തിൽ അഞ്ച് ദിവസത്തെ പരിപാടി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഉദ്ഘാടനം ചെയ്യും. ഇന്ത്യയുടെ സുഖോയ് 30 MKA, റഫാൽ, അഞ്ചാം തലമുറ യുദ്ധ വിമാനങ്ങളായ റഷ്യയുടെ സു-57, യു എസിന്റെ F-35 തുടങ്ങിയവ അണിനിരക്കും. രാജ്യം നിർമ്മിക്കാൻ ലക്ഷ്യമിടുന്ന അഞ്ചാം തലമുറ പോർവിമാനത്തിന്റെ മാതൃകയും അഗ്നി, പിനാമിക മിസൈലുകളും പ്രദർശിപ്പിക്കുന്നുണ്ട്.**

✪✪✪

**കൊച്ചി പാലാരിവട്ടത്ത് ട്രാൻസ്ജെൻഡേഴ്സിനെ ലോറി ഡ്രൈവർ മർദ്ദിച്ച സംഭവത്തെ കുറിച്ച് അന്വേഷിച്ച് അടിയന്തിര റിപ്പോർട്ട് സമർപ്പിക്കാൻ സാമൂഹ്യനീതി വകുപ്പു ഡയറക്ടർക്കും, എറണാകുളം ജില്ലാ സാമൂഹ്യനീതി ഓഫീസർക്കും മന്ത്രി ഡോ. ആർ ബിന്ദു നിർദേശം നൽകി. സംഭവത്തിൽ ട്രാൻസ്ജെൻഡേഴ്സ് ആക്ട് പ്രകാരം പോലീസ് കേസ് എടുത്തിട്ടുണ്ടെന്നും നിയമപരമായി കർശന നടപടി സ്വീകരിക്കുമെന്നും അവർ പറഞ്ഞു.**

✪✪✪

**എറണാകുളം ജില്ലയിൽ കടുവയുടെ സാന്നിധ്യം സ്ഥിരീകരിച്ച കോതമംഗലം കുളങ്ങാട്ടുകുഴി മേഖലയിൽ നിരീക്ഷണം ശക്തമാക്കി.**

കടുവയുടെ സാന്നിധ്യം സ്ഥിരീകരിച്ച പ്രദേശത്തും വനാതിർത്തിയിലും ഈരണ്ട് നിരീക്ഷണ ക്യാമറകൾ വീതം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ

നേതൃത്വത്തിൽ പ്രദേശത്ത് മുഴുവൻ സമയ പട്രോളിംഗ് നടത്തിവരുന്നുണ്ട്. പ്രദേശത്തെ ജനങ്ങൾ കൂടുതൽ ജാഗ്രത പാലിക്കണമെന്ന് അധികൃതർ ആവശ്യപ്പെട്ടു.

✪✪✪

അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റിന്മേൽ നിയമസഭയിൽ ഇന്ന് ചർച്ചയാരംഭിക്കും. മന്ത്രി KN ബാലഗോപാൽ വെള്ളിയാഴ്ച അവതരിപ്പിച്ച ബജറ്റിനെക്കുറിച്ച് മൂന്ന് ദിവസമാണ് സഭ ചർച്ച ചെയ്യുന്നത്.

സംസ്ഥാനത്ത് ഭൂമിയുടെ തരംമാറ്റം ഉൾപ്പെടെ നിയമങ്ങളിലെ വ്യവസ്ഥകൾ എന്ത് തന്നെയായാലും പത്ത് സെന്റ് വരെ കൈവശ ഭൂമിയിൽ സ്വന്തം ആവശ്യത്തിനായി നിർമ്മാണം നടത്താൻ സാധിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ടി. ഐ. മധുസൂദനൻ മുഖ്യമന്ത്രി പിണറായി വിജയന്റെ ശ്രദ്ധ ക്ഷണിക്കും.

ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശാവർക്കർമാർ ജോലി ഭാരവും കുറഞ്ഞ വേതനവും മൂലം അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് എൽദോസ് P. കുന്നപ്പിള്ളിൽ മന്ത്രി വീണാ ജോർജിന്റെ ശ്രദ്ധ ക്ഷണിക്കും.

✪✪✪

ദേശീയ ഗെയിംസിൽ ഇന്നലെയും കേരളത്തിന് മെഡൽ കൊയ്ത്ത്. ഒരു സ്വർണവും രണ്ടു വെള്ളിയും നാലു വെങ്കലവും അടക്കം ഏഴ് മെഡലുകളാണ് ഇന്നലെ ലഭിച്ചത്. 12 സ്വർണവും, 11 വെള്ളിയും, 18 വെങ്കലവും ഉൾപ്പെടെ 41 മെഡലുകളുമായി കേരളം ഒൻപതാം സ്ഥാനത്താണ്. കർണാടകയെ പിന്തള്ളി ദേശീയ ഗെയിംസിൽ 42 സ്വർണമുൾപ്പെടെ 71 മെഡലുകളുമായി സർവീസസ് വീണ്ടും ഒന്നാമതെത്തി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

ഡെക്കാത്തലണിൽ N തൗഫീഖ് ആണ് ഇന്നലെ കേരളത്തിന്റെ സുവർണ താരമായത്. വനിതാ ലോംഗ്ജംപിൽ സാന്ദ്ര ബാബുവും, 4x100

മീറ്റർ റിലേയിൽ വനിതാ ടീമും  വെള്ളിയണിഞ്ഞു.  4x100 മീറ്റർ റിലേയിൽ പുരുഷ ടീമും,  110 മീറ്റർ ഹർഡിൽസിൽ മുഹമ്മദ് ലസാനും 400 മീറ്റർ ഓട്ടത്തിൽ T.S മനുവും  വെങ്കല ജേതാക്കളായി. വനിതാ ഫെൻസിംഗിൽ അൽക്ക V. സണ്ണി കേരളത്തിനായി വെങ്കലം സ്വന്തമാക്കി. വനിതാ റിലേയിൽ രണ്ടാം സ്ഥാനക്കാരായി ഫിനിഷ് ചെയ്ത തമിഴ്നാടിനെ ബാറ്റൺ കൈമാറ്റത്തിലെ പിഴവിനെ തുടർന്ന് അയോഗ്യരാക്കിയതോടെ കേരളത്തിന്റെ വെങ്കലം വെള്ളിയായി മാറി.

✪✪✪

ഇംഗ്ലണ്ടിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്.  കട്ടക്കിൽ രണ്ടാം ഏകദിനത്തിൽ ഇംഗ്ലണ്ടിനെ നാല് വിക്കറ്റിന്  തോൽപ്പിച്ചാണ് മൂന്ന് മത്സര  പരമ്പര ഇന്ത്യ  2-0 ന് സ്വന്തമാക്കിയത്.

ഇംഗ്ലണ്ട് ഉയർത്തിയ 305 റൺസ് വിജയലക്ഷ്യം 33 പന്ത് ബാക്കി നിൽക്കെ ഇന്ത്യ മറികടക്കുകയായിരുന്നു.  ടോസ് നേടി  ബാറ്റിംഗിന് ഇറങ്ങിയ ഇംഗ്ലണ്ട് 49.5 ഓവറിൽ 304 റൺസിന്  പുറത്തായി.

മറ്റന്നാൾ അഹമ്മദാബാദിലാണ് ഏകദിന പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം.

✪✪✪

ISL ഫുട്ബോളിൽ ബംഗളുരു FC യ്ക്ക് ജയം. ബംഗളുരുവിൽ എതിരില്ലാത്ത  മൂന്ന് ഗോളുകൾക്കാണ് അവർ ജംഷഡ്പൂർ FC യെ തോൽപ്പിച്ചത്.

ഇന്ന് ഒഡീഷ FC പഞ്ചാബ് FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഭുവനേശ്വറിലാണ് മത്സരം.

✪✪✪

പുനലൂർ- മൂവാറ്റുപുഴ സംസ്ഥാന പാതയിൽ കുമ്പഴയിൽ ഇന്നലെ രാത്രി കാറും ലോറിയുമായി കൂട്ടിയിടിച്ച്  ഒരാൾ മരിച്ചു. ദേശാഭിമാനി ഓൺലൈൻ മുൻ അസിസ്റ്റന്റ് മാനേജർ തിരുവനന്തപുരം പട്ടം സ്വദേശി RL ആദർശ് ആണ് മരിച്ചത്.

✪✪✪

കോഴിക്കോട് മുക്കത്ത് വാഹനാപകടത്തിൽ വിദ്യാർഥിനി മരിച്ചു. ഇരുചക്ര വാഹനം താഴ്ചയിലേക്ക് മറിഞ്ഞ്  ചേന്നമംഗല്ലൂർ ഹയർ

സെക്കൻഡറി സ്കൂളിലെ പ്ലസ്ടു വിദ്യാർഥിനി ഫാത്തിമ ജിബിൻ ആണ് മരിച്ചത്. ഇന്നലെ രാത്രിയായിരുന്നു അപകടം.

✪✪✪

പത്തനംതിട്ട മാലക്കരയിൽ റൈഫിൾ ക്ലബ്ബിന്റെ ഷൂട്ടിങ് റേഞ്ച് നിർമ്മാണത്തിനിടെ കിടങ്ങ് തകർന്നു വീണു രണ്ട് പേർ മരിച്ചു. ഇതര സംസ്ഥാന തൊഴിലാളികളായ ഗുഡുകുമാർ, രത്തൻ മണ്ഡൽ എന്നിവരാണ് മരിച്ചത്.

✪✪✪

മാധ്യമങ്ങളുടെ സഹകരണത്തോടുകൂടി മാത്രമേ ജനാധിപത്യത്തിനും ഭരണകൂടത്തിനും നിലനിൽപ്പുള്ളൂ എന്ന് പശ്ചിമ ബംഗാൾ ഗവർണർ ഡോ C.V ആനന്ദബോസ് പറഞ്ഞു. കൊച്ചിയിൽ കേരള മീഡിയ അക്കാദമിയിൽ നടന്ന ചടങ്ങിൽ N.N സത്യവ്രതൻ സ്മാരക അവാർഡ് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

കനോലി കനാൽ കേന്ദ്രീകരിച്ച് കോഴിക്കോട് കനാൽ സിറ്റി യാഥാർത്ഥ്യമാകുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. നവീകരിച്ച കോഴിക്കോട് ടൗൺഹാൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കനാൽ സിറ്റി ചരക്കു ഗതാഗതത്തിനും സഞ്ചാരത്തിനും പ്രധാന മാർഗ്ഗമായി മാറുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. പുതിയ കണക്കുകൾ പ്രകാരം വിദേശ സഞ്ചാരികളുടെ വരവിൽ റെക്കോർഡ് നേട്ടമാണ് കോഴിക്കോടിന്റേതെന്നും മന്ത്രി അറിയിച്ചു.

30 ലക്ഷം രൂപ ചെലവിൽ നവീകരണം പൂർത്തിയാക്കിയ ടൗൺഹാൾ അഞ്ച് മാസത്തെ ഇടവേളയ്ക്ക് ശേഷമാണ് വീണ്ടും തുറന്നു നൽകുന്നത്.

✪✪✪

ജനകീയ കലകളെ ഇല്ലാതാക്കാൻ സമൂഹത്തിൽ ബോധപൂർവമായ ശ്രമങ്ങൾ നടക്കുന്ന കാലഘട്ടത്തിൽ ഇവയെ സംരക്ഷിക്കുന്ന നിലപാടാണ് ഗവൺമെന്റിന്റേതെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കൊണ്ടോട്ടി മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയിൽ എട്ടു ദിവസങ്ങളിലായി നടന്ന വൈദ്യർ

**മഹോത്സവത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.**

✪✪✪

**സംസ്ഥാനത്ത് ഈ വർഷം തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കും അടുത്ത വർഷം നിയമസഭയിലേക്കും നടക്കുന്ന തിരഞ്ഞെടുപ്പുകൾക്ക് UDF പ്രവർത്തകർ സജ്ജമാവണമെന്ന് പ്രിയങ്ക ഗാന്ധി M.P പറഞ്ഞു. UDF ബൂത്ത് തല നേതൃസംഗമം കോഴിക്കോട് മുക്കത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.**

**ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങളിൽ സജീവമായി ഇടപ്പെട്ട് പരിഹാരം കണ്ടെത്താൻ പ്രവർത്തകർ ശ്രമിക്കണമെന്നും പ്രിയങ്ക പറഞ്ഞു. അതിന് തോളോട് തോൾ ചേർന്ന് പ്രവർത്തിക്കാൻ താൻ ഉണ്ടാവുമെന്ന് അവർ അറിയിച്ചു.**

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: ഹക്കീം കൂട്ടായി*
*Casual News Reader: നിമിഷ ജി*
*DEO: ഷീബ*